# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2603** — **10/12/2014-ൽ മറുപടിക്ക്**

### വളർത്തു പക്ഷികൾക്കിടയിലെ പക്ഷിപ്പനി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ദാസൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് വളർത്തു പക്ഷികൾക്കിടയിൽ പക്ഷിപ്പനി വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം ജില്ലകളിൽ, പ്രദേശങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി ചെന്നിത്തല എന്നിവിടങ്ങളിലും, കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, ആർപ്പൂക്കര എന്നിവിടങ്ങളിലും, പത്തനംതിട്ട ജില്ലയിലെ പെരിങ്ങരയിലും പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) പക്ഷിപ്പനി മനുഷ്യരിലേക്ക് പകരാതിരിക്കാൻ സ്വീകരിച്ച മുൻ കരുതലുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് എച്ച്1 എൻ 1 കേസുകൾ റിപ്പോർട്ട് ചെയ്തത് എവിടെയെല്ലാം; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; കണക്ക് ലഭ്യമാക്കാമോ; | ബി) • പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളുടെ ഒരു കി.മീ. ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളേയും കൊന്ന് സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>• പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തുന്നുണ്ട്.<br>• രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ ഒരു കി.മീ. ചുറ്റളവിലും മനുഷ്യരിലേക്ക് രോഗം വ്യാപിക്കുന്നുണ്ടോ എന്നറിയാനുള്ള രോഗനിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിലും ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും നടന്നു വരുന്നു.<br>• പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ |

ആവരണങ്ങൾ (പി.പി.ഇ.കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തിരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.

എച്ച് 1 എൻ1 കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| സി) ആശുപത്രികളിൽ മതിയായ സൗകര്യങ്ങളും പ്രതിരോധ സംവിധാനവും ഇല്ലെന്നത് രോഗപ്രതിരോധവും വ്യാപനവും വഷളാക്കുന്നു എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | സി) ആലപ്പുഴയിലും, കോട്ടയത്തും, പത്തനംതിട്ടയിലും ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേകം നിയോഗിക്കപ്പെട്ട ഡോക്ടർമാർ, മറ്റു അനുബന്ധ ജീവനക്കാർ എന്നിവർ തയ്യാറാണ്. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ,വേണ്ടി വന്നാൽ എച്ച് 5 എൻ1 രോഗിക്ക് ഐ.സി.യു. പരിചരണം നൽകാൻ സജ്ജമാക്കിയിട്ടുണ്ട്. വെന്റിലേറ്റർ അടക്കമുള്ള സംവിധാനങ്ങൾ തയ്യാറാണ്. കൂടാതെ പ്രതിരോധ മരുന്നായ ഒസൾട്ടാമിവിർ, പി.പി.ഇ. കിറ്റുകൾ, മാസ്കുകൾ എന്നിവ ഈ മൂന്നു ജില്ലകളിലുമായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# H1N1- District and Month Wise Cases & Death - 2014

| Month | TVM | | KLM | | PTA | | ALPY | | KTYM | | IDK | | EKLM | | TSR | | PLKD | | MLPM | | KKD | | WYND | | KNR | | KSRD | | Monthly wise | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D | C | D |
| January | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 |
| February | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| March | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 1 | 0 |
| April | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 1 |
| May | 1 | 0 | 1 | 1 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 4 | 0 | 5 | 1 | 0 | 0 | 0 | 0 | 0 | 0 | 13 | 2 |
| June | 5 | 3 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 4 | 2 | 5 | 0 | 1 | 0 | 1 | 0 | 1 | 1 | 19 | 8 |
| July | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 0 | 0 | 6 | 2 | 2 | 1 | 8 | 0 | 1 | 0 | 1 | 0 | 18 | 3 |
| August | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 |
| September | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| October | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| November | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| December | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| District wise | 6 | 3 | 2 | 2 | 0 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 3 | 1 | 1 | 0 | 15 | 5 | 16 | 2 | 9 | 0 | 4 | 0 | 3 | 1 | 60 | 14 |

സെക്ഷൻ ഓഫീസർ